

# മരുഭൂമികൾ ഉണ്ടാകുന്നത്

ആനന്ദ്

മരുഭൂമിയുടെ നടുവിലൊരു പട്ടണത്തിൽ പഴയ കോട്ടയ്ക്കകത്ത്, തടവുപുള്ളികളെയും കോൺട്രാക്റ്റിലെടുത്ത നാടൻ മനുഷ്യരെയുംകൊണ്ട് പണിചെയ്യിച്ച് ഉണ്ടാക്കുന്ന ഒരു സുരക്ഷാപദ്ധതിയിൽ ലേബർ ഓഫീസറായി വരുന്ന കുന്ദന്റെ കഥയാണ് ഇത്. കുറച്ച് തടവുകാരെയോ കുറെ നിസ്സഹായരായ ഗ്രാമീണരെയോ മാത്രമല്ല, അതിന്റെ ജനതയെ മുഴുവനുമാണ് 'ആധുനിക സ്റ്റേറ്റ്' എന്ന അധികാരയന്ത്രം അതിന്റെ ക്രൂരമായ ലക്ഷ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നതെന്ന് വിചിത്രമായ അനുഭവങ്ങളിലൂടെ അയാൾ മനസ്സിലാക്കുന്നു. മനുഷ്യരെയും മനുഷ്യനെയും ഫലിപ്പിക്കുന്ന ഈർപ്പം നശിപ്പിക്കപ്പെടുമ്പോൾ, മണലിന്റെ കിരുകിരുപ്പുപോലുള്ള അധികാരത്തിന്റെ സ്വരം എല്ലാ മൃദുല ശബ്ദങ്ങളെയും കൊല്ലുമ്പോൾ, നിഷ്ഠുരമായ സർക്കാർ നിസ്സഹായരും ഒറ്റപ്പെട്ടവരുമായ അതിന്റെ ജനതയെ മണൽക്കാറ്റുപോലെ വേട്ടയാടുമ്പോൾ, സമൂഹത്തിലേക്കും മനുഷ്യമനസ്സിലേക്കുമുള്ള മരുഭൂമിയുടെ വളർച്ച മുഴുവനുമാകുന്നു.

ഡി സി ബുക്സ്
www.dcbooks.com
നോവൽ
കവർ ഡിസൈൻ
ഡി സി ഡിസൈൻ സ്റ്റുഡിയോ
ISBN 978-81-7130-201-7
00033
₹ 299
E-book Available

ആനന്ദ് • മരുഭൂമികൾ ഉണ്ടാകുന്നത്

DCB

1993 - ലെ വയലാർ അവാർഡ് ലഭിച്ച നോവൽ

33-ാം പതിപ്പ്

# മരുഭൂമികൾ ഉണ്ടാകുന്നത്

## ആനന്ദ്



DCB

College of Avian Sciences &
LIBRARY
2464

2464

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2464 Call No. ........................

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

## ആനന്ദ്

1936-ൽ ഒരു പ്രൈമറി സ്കൂൾ അധ്യാപകന്റെ മകനായി ഇരിങ്ങാലക്കുടയിൽ ജനിച്ചു. 1958-ൽ തിരുവനന്തപുരം എൻജിനീയറിങ് കോളജിൽനിന്ന് ബിരുദമെടുത്തു. 1958 മുതൽ 1994 വരെ പല സ്ഥാപനങ്ങളിലും പലയിടത്തുമായി—നാല് വർഷം ആർമിയിൽ ഷോർട്ട് സർവീസ് കമ്മീഷനടക്കം—സേവനമനുഷ്ഠിച്ചു. ഇപ്പോൾ ദില്ലിയിൽ താമസിക്കുന്നു.

### ആനന്ദിന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

*നോവൽ:* ഉത്തരായനം, ഗോവർധന്റെ യാത്രകൾ, വ്യാസനും വിഘ്നേശ്വരനും, അപഹരിക്കപ്പെട്ട ദൈവങ്ങൾ, മരുഭൂമികൾ ഉണ്ടാകുന്നത്, ആൾക്കൂട്ടം, വിഭജനങ്ങൾ, പരിണാമത്തിന്റെ ഭൂതങ്ങൾ, അഭയാർത്ഥികൾ, ദ്വീപുകളും തീരങ്ങളും
*നോവെല്ല:* ആനന്ദിന്റെ നോവെല്ലകൾ
*കഥകൾ:* ഒടിയുന്ന കുരിശ്, ഇര, സംവാദം, അശാന്തം, നാലാമത്തെ ആണി, ചരിത്രകാണ്ഡം, സംഹാരത്തിന്റെ പുസ്തകം, കഥകൾ 2002–2012, കഥകൾ ആത്മകഥകൾ, എന്റെ പ്രിയപ്പെട്ട കഥകൾ, വൃത്താന്തങ്ങളും കഥകളും
*നാടകം:* ശവഘോഷയാത്ര
*ലേഖനങ്ങൾ:* ഇടവേളകളിൽ, സ്വത്വത്തിന്റെ മാനങ്ങൾ, സന്ദർഭങ്ങൾ, സന്ദേഹങ്ങൾ
*പഠനം:* വേട്ടക്കാരനും വിരുന്നുകാരനും, ജൈവമനുഷ്യൻ, പ്രകൃതി, പരിസ്ഥിതി, ദാരിദ്ര്യം, ജലം, ഊർജ്ജം
*എഴുത്ത്:* പുസ്തകം മുതൽ യുദ്ധംവരെ, വിടവുകൾ എന്ന കൃഷിഭൂമി
*സംഭാഷണം:* വർത്തമാനകാല വർത്തമാനങ്ങൾ
*കവിത:* ആനന്ദിന്റെ കവിതകൾ

ഡി സി ബുക്സ് പ്രസിദ്ധീകരിച്ച
ആനന്ദിന്റെ കൃതികൾക്കായി
ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.

# മരുഭൂമികൾ ഉണ്ടാകുന്നത്

1993-ലെ വയലാർ അവാർഡ് ലഭിച്ച നോവൽ

ആനന്ദ്

ഡി സി ബുക്സ്

**D C Books**
DC Kizhakemuri Edam
Good Shepherd Street
KERALA, INDIA-686 001

MALAYALAM LANGUAGE
Marubhoomikal Undākunnathu
LITERATURE/NOVEL
*by* Anand
Rights Reserved
First published August 1989
This edition - September 2023

P-ISBN: 978-81-7130-201-7
E-ISBN: 978-81-264-6046-5

Distributors : D C Books-Current Books, INDIA
Printed in India: D C Press, Kottayam, INDIA.

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Anand.
Marubhoomikal undakunnathu/Anand.
240p., 21cm., ISBN 978-81-7130-201-7.
1. Malayalam novel. I. Title.
894.812 3— dc22.

*The views and opinions expressed in this book are the author's own and the facts are as reported by him, and the publishers are not in any way liable for the same.*

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

: www.dcbooks.com : www.dcbookstore.com
: ebooks.dcbooks.com : customercare@dcbooks.com : 7290092216
D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

942/23-24-Sl.No. 25426-dcb 1130(33)-1000-6772-09-23-hn 60-T4-e as- d (t) py

# കലയും സാഹിത്യവും

ഒരു സാഹിത്യസൃഷ്ടി പുസ്തകത്തിന്റെ അച്ചടിമഷിയിൽ ഉറച്ചുപോകുന്ന ഒരു വസ്തുവല്ല. അതിന്റെ ശരിയായ ജീവിതം അച്ചടിക്കപ്പെട്ടതിനു ശേഷമാണ്. അതിന്റെ പുതിയ കാണ്ഡം. ഉത്തരകാണ്ഡം എന്നു വേണമെങ്കിൽ പറയാം. ഉത്തരകാണ്ഡമാണ് പരീക്ഷണങ്ങളുടെ കാണ്ഡം. രണ്ടു കൂട്ടിമുട്ടലുകളാണ് ഈ ഉത്തരകാണ്ഡത്തിൽ ഒരു സാഹിത്യസൃഷ്ടിയെ സംബന്ധിച്ചിടത്തോളം നടക്കുന്നത്: ഒന്ന് രചയിതാവും അനുവാചകനും തമ്മിൽ; രണ്ട്, അനുവാചകനും അനുവാചകനും തമ്മിൽ. രണ്ടും ഒരർത്ഥത്തിൽ സംവാദങ്ങളാണ്. കാരണം ഇവിടെ പങ്കുവെക്കപ്പെടുന്നത് ഒരു ക്രയവിക്രയ വസ്തുവല്ല, creativity ആണ്, സർഗാത്മകത.

വായനയും രചനപോലെതന്നെ ഒരു സർഗപ്രക്രിയയാണ്. ഒരു നല്ല കൃതി അത് രചിക്കുന്നവനെയും വായനക്കാരനെയും ഒന്നുപോലെ ഉയർത്തുന്നു. വായനക്കാരനെ വായനക്കാരനായിമാത്രം അവശേഷിപ്പിക്കുന്ന ഒരു കൃതി ഉൽകൃഷ്ടകൃതിയാകുന്നില്ല. അത് വായനക്കാരനെയും സാഹിത്യകാരനാക്കണം. അവനെ പുസ്തകം മടക്കിവെച്ച് വെറുതെയിരിക്കുവാൻ സമ്മതിക്കരുത്. ഒരു കൃതി മേശപ്പുറത്തുനിന്ന് ഇറങ്ങി വന്നാൽ സംഭവിക്കുന്നത് വായനക്കാരനാര്, എഴുത്തുകാരനാര് എന്ന് കൃത്യമായും തിരിച്ചറിയാൻ പ്രയാസമുള്ള ഒരു ചെറിയ സമൂഹം സൃഷ്ടിക്കുകയാണെന്നുവരെ പറയാം.

ഒരു സാഹിത്യരചന രചയിതാവിനെ എന്നപോലെ വായനക്കാരനെയും മോചിപ്പിക്കുന്നു എന്നതാണ് ഇതിനുള്ള കാരണം. നാം അറിയാതെതന്നെ നമുക്കുള്ളിൽ ഒളിഞ്ഞുകിടക്കുന്ന മാനങ്ങളെ പുറത്തുകൊണ്ടുവരുന്നു കല. നമ്മിൽനിന്ന് വിമോചിതമാകുന്ന നമ്മുടെ മാനങ്ങൾക്ക് പരസ്പരം കണ്ടുമുട്ടുവാൻ ഒരു പൊതുവേദി ഒരുക്കുന്നു അത്.

രചയിതാവ് രംഗത്തുനിന്ന് അപ്രത്യക്ഷനായതിനുശേഷവും ഈ സംവാദം തുടരുന്നു. വായനക്കാരനും വായനക്കാരനും തമ്മിൽ. ഇതാണ് ഒരു ഉൽകൃഷ്ടകൃതിയുടെ രചനാനന്തരകാലത്തിലെ രണ്ടാം ഘട്ടം. സ്ഥലത്തിൽനിന്നും കാലത്തിൽ നിന്നും കടപറിഞ്ഞുപോന്ന അത് എവിടേയും എന്നും ഉള്ള മനുഷ്യർക്ക് പരസ്പരം സംവദിക്കാനുള്ള ഒരു മീഡിയം ആയിത്തീരുന്നു. ഏതോ കാലത്ത്, ലോകത്തിന്റെ ഏതോ ഭാഗത്ത് രചിക്കപ്പെട്ട, രചയിതാവ് ആരെന്നുപോലും കൃത്യമായി അറി